പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.936

06.06.2018-ൽ മറുപടിയ്ക്ക്

## നാടൻ കലാരൂപങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) നാടൻ കലകൾ തനതായ രീതിയിൽ സംരക്ഷിക്കപ്പെടുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) നാടൻ കലകൾ തനതായ രീതിയിൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ഫോക് ലോർ അക്കാദമി, കിർടാഡ്സ് എന്നിവ മുഖാന്തിരം നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നുണ്ട്. തെയ്യം, തിറ, പൂരക്കളി, പടയണി, മുടിയേറ്റ് തുടങ്ങിയ നാടൻകലകൾ അതിന്റെ അനുഷ്ഠാന രൂപങ്ങൾക്ക് കോട്ടം വരാതെ പ്രാചീന രൂപങ്ങൾ അതുപോലെ വേഷവിധാനങ്ങളോടെ അവതരിപ്പിക്കാനാണ് കേരള ഫോക് ലോർ അക്കാദമി ശ്രമിക്കുന്നത്. വിവിധ ഫോക് ക്ലബുകൾ, നാടൻ കലാസമിതികൾ എന്നിവർ നാടൻ കലാവതരണത്തിന് ധനസഹായത്തിനായി സമീപിക്കുമ്പോൾ അന്യം നിന്നു പോകുന്ന കലാരൂപങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ കേരള ഫോക് ലോർ അക്കാദമി കർശന നിർദ്ദേശം നൽകാറുണ്ട്. കോളേജുകളിലും, സ്കൂളുകളിലും നടത്തുന്ന ഫോക് ഫെസ്റ്റുകളിൽ പാരമ്പര്യ കലയെ വിശദീകരിക്കുന്ന വിഷയങ്ങളിൽ കേരള ഫോക് ലോർ അക്കാദമി സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. പാരമ്പര്യ രീതിയിലുള്ള നാടൻകലാരൂപങ്ങളെ അക്കാദമിയുടെ കേന്ദ്ര ഓഫീസ് സ്ഥിതി ചെയ്യുന്ന കണ്ണൂർ ജില്ലയിലെ ചിറക്കലിലുള്ള മ്യൂസിയത്തിൽ ശില്പങ്ങളായി പ്രദർശിപ്പിച്ചിട്ടുണ്ട്. ബഹുജനങ്ങൾക്കിടയിലും ഗവേഷകർക്കിടയിലും തനത് അവബോധം പകർന്നു നൽകാൻ ഈ മ്യൂസിയം പ്രയോജനപ്പെടുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ കിർടാഡ്സ് വകുപ്പുകൾ സംയുക്തമായി നടത്തുന്ന 'ഗദ്ദിക' പോലുള്ള സംസ്ഥാനതല വിപണന പ്രദർശന മേളകളുടെ ഭാഗമായി തനതു കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നാടൻ കലാമേളകൾ സംഘടിപ്പിക്കാറുണ്ട്. |

| | |
|---|---|
| | കിർടാഡ്സിന്റെ നേതൃത്വത്തിൽ നാടൻകലകൾ തനതായ രീതിയിൽ സംരക്ഷിക്കുന്നതിന് വകുപ്പിലെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗോത്രജനതയുടെ കലാരൂപങ്ങൾ കണ്ടെത്തുകയും ഡോക്യുമെന്റ് ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു കൂടാതെ തനത് കലകൾ പുതുതലമുറകളിൽ എത്തിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും ആദികലാകേന്ദ്രം മുഖേന പഠനകളരികൾ സംഘടിപ്പിക്കുകയും വേദിയിൽ അവതരിപ്പിക്കുന്ന തരത്തിൽ തനതായ രീതിയിൽ അവയെ ചിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാടൻകലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ